# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3153 — 18/10/2016-ൽ മറുപടിക്ക്

### അങ്കമാലി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ ശോച്യാവസ്ഥ

| | ചോദ്യം<br><br>ശ്രീ.റോജി എം.ജോൺ | | ഉത്തരം<br><br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ), (ബി) & (സി) | ഉണ്ട്. അങ്കമാലി ഡിവിഷന്റെ പ്രവർത്തനം ആരംഭിച്ചത് മാർച്ച് 2016-ൽ ആണ്. താൽക്കാലി കമായി ബി & എസ്-ന്റെ കെട്ടിടത്തിലാണ് പ്രസ്തുത ഓഫീസ് പ്രവർത്തിച്ചു വരുന്നത്. അതിനാൽ സ്ഥലദൗർലഭ്യവും മറ്റും ഇപ്പോൾ അനുഭവപ്പെടുന്നുണ്ട്. ടി ഡിവിഷനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>ഈ ഓഫീസിന് വേണ്ടി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മറ്റു ഓഫീസുകളിൽ നിന്നുള്ള പഴയ കമ്പ്യൂട്ടറുകൾ നവീകരിച്ച് ടി ഓഫീസിന്റെ പ്രവർത്തനം നടത്തി വരുന്നു. |
| (ബി) | നിലവിൽ ഡിവിഷൻ ഓഫീസിനു വേണ്ടുന്ന കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ മുതലായവയുടെ കുറവും, ജീവനക്കാർക്കും ഉപഭോക്താക്കൾക്കും ഇരിക്കുവാനോ തടസ്സം കൂടാതെ കൃത്യനിർവ്വഹണം നടത്തുന്നതിനോ കഴിയാത്ത കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | |
| (സി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | | |
| (ഡി) | നിലവിൽ പ്രസ്തുത ഡിവിഷന്റെ കീഴിൽ എത്ര സെക്ഷനുകൾ ഉണ്ടെന്നും ഓരോ സെക്ഷനിലും എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും വ്യക്തമാക്കാമോ; | (ഡി) | ടി ഡിവിഷന് കീഴിൽ 9 സെക്ഷനുകൾ ഉണ്ട്. ഓരോ സെക്ഷനിലും ഉള്ള ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കാലടി | 16432 |
| തുറവൂർ | 7355 |
| മഞ്ഞപ്ര | 10226 |
| അങ്കമാലി | 18389 |
| പാറക്കടവ് | 7496 |
| കറുകുറ്റി | 9775 |
| മൂക്കന്നൂർ | 7680 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>മലയാറ്റൂർ</td><td>8398</td></tr>
<tr><td>കാഞ്ഞൂർ</td><td>8170</td></tr>
</table>
</td></tr>
<tr><td>(ഇ)</td><td>അങ്കമാലി മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകരാണ് നിലവിൽ അവശേഷിക്കുന്നതെന്നും ഇവർക്ക് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണവും വിശദമാക്കാമോ ?</td><td>(ഇ)</td><td>അങ്കമാലി ഡിവിഷന് കീഴിൽ പുതിയ കണക്ഷനുകൾ എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഉടൻ നൽകി വരുന്നു. കൂടാതെ ബി.പി.എൽ. അപേക്ഷകർക്ക് ഡി.ഡി.യു.ജി.ജെ.വൈ പദ്ധതിയിൽപ്പെടുത്തി കണക്ഷനുകൾ നൽകാറുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട കണക്ഷനുകൾ പ്രകാരം അങ്കമാലി നിയോജക മണ്ഡലത്തിൽ 403 ഉപഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകാനുണ്ട്. 'ഇവർക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ